"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ തയ്യാറാക്കിയ മൈക്രോ പ്ലാനിലുൾപ്പെട്ട ഭവന രഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് വീട് ലഭ്യമാകുന്നത് വരെ താമസ സൗകര്യം ഒരുക്കുന്നതിനായി വീടുകൾ/കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1636/2024/LSGD തീയതി,തിരുവനന്തപുരം, 06-09-2024

പരാമർശം:-
1. സ.ഉ.(കൈ) നം.145/2021/തസ്വഭവ തീയതി 16/07/2021
2. സ.ഉ.(കൈ) നം.1857/2021/തസ്വഭവ തീയതി 25/09/2021
3. സ.ഉ.(കൈ) നം.84/2022/തസ്വഭവ തീയതി 19/04/2022
4. സ.ഉ.(കൈ) നം.86/2022/തസ്വഭവ തീയതി 19/04/2022
5. സ.ഉ.(കൈ) നം.115/2022/തസ്വഭവ തീയതി 28/05/2022
6. സ.ഉ.(കൈ) നം.146/2022/തസ്വഭവ തീയതി 08/07/2022
7. 15/11/2022- ലെ സ ഉ (സാധാ) നം. 2808/2022/തസ്വഭവ
8. 07/07/2024-ലെ സ.ഉ.(സാധാ) നം.1236/2024/തസ്വഭവ
9. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21/07/2024-തിയതിയിലെ LSGD/PD/6484/2024-EPEP1 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്ത് അതിദാരിദ്ര്യം അഞ്ചു വർഷത്തിനകം നിർമാർജ്ജനം ചെയ്യുന്നത് ലക്ഷ്യമാക്കി അതിദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിന് പരാമർശം 1-5 വരെ ഉത്തരവുകൾ പ്രകാരം സംസ്ഥാനവ്യാപകമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ നടത്തിയ അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ പൂർത്തീകരിക്കുകയും അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ കുടുംബങ്ങളെയും/വ്യക്തികളെയും അതിദാരിദ്ര്യാവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിനുള്ള സൂക്ഷ്മതല പദ്ധതിയായ മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശം (6) പ്രകാരം സർക്കാർ അംഗീകരിക്കുകയുമുണ്ടായി .

2. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഗുണഭോക്താവ് മറ്റൊരു തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ ഭൂമിയാർജ്ജിക്കുന്ന പക്ഷം ഗുണഭോക്താവിനെ തെരെഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനം തന്നെ സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന് ഭവനനിർമ്മാണാനുകൂല്യം നൽകുന്നതിന് പരാമർശം

(7) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3. ഗ്രാമ പ്രദേശങ്ങളിൽ ഗ്രാമ പഞ്ചായത്തുകൾ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രകാരം തയ്യാറാക്കിയ മൈക്രോ പ്ലാനുകൾക്ക് വിഹിതം നല്കുന്നതിനുള്ള പ്രോജക്ടുകൾ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ അവയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പരാമർശം (8) പ്രകാരം നിർദ്ദേശം നല്കിയിട്ടുണ്ട്.

4. 2025 നവംബർ -1 ന് കേരളം അതിദാരിദ്ര്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുകയാണ് അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം.

5. അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ തയ്യാറാക്കിയ മൈക്രോ പ്ലാനിലുൾപ്പെട്ട ഭവന രഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് ലൈഫ് ഭവന പദ്ധതിയിൽ വീട് ലഭ്യമാകുന്നത് വരെ താമസ സൗകര്യമൊരുക്കുന്നതിനായി വീടുകൾ/ കെട്ടിടങ്ങൾ വാടകക്ക് എടുക്കുന്നതിനുള്ള അനുമതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനും ഒരു വീടിന് പ്രതിമാസം ഗ്രാമപഞ്ചായത്തുകളിൽ പരമാവധി 5,000/- രൂപയും മുനിസിപ്പാലിറ്റികളിൽ പരമാവധി 7,000/- രൂപയും കോർപ്പറേഷനുകളിൽ പരമാവധി 8,000/- രൂപയും വീട്ടുവാടകയിനത്തിൽ ചെലവഴിക്കുന്നതിനും ആയതിനുള്ള ഫണ്ട് വാർഷിക പദ്ധതി/തനത് ഫണ്ട്/ സ്പോൺസർഷിപ്പ് മുഖേന കണ്ടെത്തി വകയിരുത്തുന്നതിനുള്ള അനുമതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (9) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ തയ്യാറാക്കിയ മൈക്രോ പ്ലാനിലുൾപ്പെട്ട ഭവന രഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് വീട് ലഭ്യമാകുന്നത് വരെ താമസ സൗകര്യം ഒരുക്കുന്നതിനായി വീടുകൾ/കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുന്നതിന് മേൽ നിബന്ധനകൾക്കു വിധേയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, ലൈഫ് മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരള, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഡി എ) വകുപ്പ് (അടുത്ത സി സി മീറ്റിംഗിൽ സാധൂകരണം നേടുന്നതിനായി)
തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/137/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 06-09-2024 13:03:36
സെക്ഷൻ ഓഫീസർ

പകർപ്പ്ഃ ബഹുഃ തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് -ന്

തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ

പി.എ. യ്ക്ക്